(എഫ്) 390.71 കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് 291.47 കോടി രൂപയാണ് ലോകബാങ്ക് സഹായമായി ലഭിക്കുന്നത്. 87.73 കോടി രൂപയുടെ പദ്ധതികൾ പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞു.

ജെ.ബി.ഐ.സി. ധനസഹായത്തോടെ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ

30 [193] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ.ബി.ഐ.സി. ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതിയിൽ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളെ/വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മഴക്കാലത്തുപോലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മാടായി ഗ്രാമപഞ്ചായത്തിനെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിവേദനത്തിന്മേൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജെ.ബി.ഐ.സി. ധനസഹായത്തോടെ സംസ്ഥാനത്ത് താഴെ പറയുന്ന അഞ്ചു കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുംവേണ്ടിയുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.

2. മീനാടിനും സമീപഗ്രാമങ്ങൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കൊല്ലം ജില്ല).

3. ചേർത്തലയ്ക്കും സമീപ ഗ്രാമങ്ങൾക്കുംവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (ആലപ്പുഴ ജില്ല).

4. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുംവേണ്ടിയുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി.

5. പട്ടുവത്തിനും സമീപഗ്രാമങ്ങൾക്കുംവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി (കണ്ണൂർ ജില്ല).

LIBRARY ARCHIVES Kerala Legislative Assembly

(ബി) തളിപ്പറമ്പ് മുനിസിപ്പാലിറ്റി, കല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം എന്നീ സെൻസസ് നഗരങ്ങൾ, കുവേരി, പരിയാരം, കുറ്റിയേരി, കുറുമാത്തൂർ, പന്നിയൂർ, പട്ടുവം, മാട്ടൂൽ, ഏഴോം, കടന്നപ്പള്ളി, പാണപ്പുഴ എന്നീ വില്ലേജുകളെയുമാണ് പട്ടുവം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ അഴീക്കോട് (തെക്ക്), അഴീക്കോട് (വടക്ക്), ചിറയ്ക്കൽ, വളപട്ടണം എന്നീ സെൻസസ് നഗരങ്ങൾക്ക് ആവശ്യമായ ശുദ്ധജലം ഈ പദ്ധതിയിൽ നിന്നും ലഭ്യമാകുന്നതാണ്.

(സി) ഇതിന്മേൽ തീരുമാനം ആയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി

31 [194] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) ആവശ്യത്തിന് ജീവനക്കാരും വാഹനവും ഇല്ലാത്തതുമൂലം മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ നടപടികൾ തടസ്സപ്പെട്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത്; ഓഫീസ് പദ്ധതി പ്രദേശത്ത് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭ്യമായ ഡേറ്റ ഉപയോഗിച്ച് പുതിയതായി ഒരു ഫീസിബിലിറ്റി പഠനം നടത്തി റിപ്പോർട്ട് അയച്ചുതരാൻ ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം സെൽ മുഖേന ഇതിന്റെ ഡേറ്റ പ്രോസസ്സ് ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. അതിനുശേഷം ഈ പദ്ധതിയുടെ വിശദമായ പര്യവേക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly